പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1065 04.12.2014 -ലെ മറുപടിയ്ക്ക്

## മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജിനുള്ള അഫിലിയേഷൻ

*ചോദ്യം*
ശ്രീ.പുരുഷൻ കടലുണ്ടി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാല, മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തിന് അഫിലിയേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; | (എ) | കോഴിക്കോട് സർവ്വകലാശാല മലപ്പുറത്ത് സൗത്ത് ഏഷ്യൻ കോളേജിന് അഫിലിയേഷൻ നൽകിയിട്ടില്ല. പക്ഷേ കോഴിക്കോട് ജില്ലയിൽ കരിങ്ങാട്, തൊട്ടിൽപ്പാലം എന്ന സ്ഥലത്ത് 2012-13 വർഷത്തിൽ സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ഫിലിം ആന്റ് ന്യൂമീഡിയ എന്ന കോളേജിന് അഫിലിയേഷൻ നൽകിയിട്ടുണ്ട്. |
| (ബി) | അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ യൂണിവേഴ്സിറ്റി നിയമപ്രകാരമുള്ള യോഗ്യതകൾ ഈ സ്ഥാപനത്തിനുണ്ടോ; വിശദമാക്കാമോ; | (ബി) | യൂണിവേഴ്സിറ്റി ചുമതലപ്പെടുത്തിയ ഡിസ്ട്രിക്ട് ലെവൽ ഇൻസ്പെക്ഷൻ കമ്മീഷൻ കോളേജ് സന്ദർശിച്ച് പ്രസ്തുത സ്ഥാപനത്തിനു യൂണിവേഴ്സിറ്റി നിയമപ്രകാരം അഫിലിയേഷൻ നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച സർക്കാരിലേക്ക് സർവ്വകലാശാല ശുപാർശ സമർപ്പിച്ചതിൽ പ്രകാരം സർക്കാർ എൻ.ഒ.സി. നൽകിയതനുസരിച്ചാണ് കോളേജിന് അഫിലിയേഷൻ നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത കോളേജ് ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട്; യൂണിവേഴ്സിറ്റി ഏതെല്ലാം കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; | (സി) | മാസ്റ്റർ ഓഫ് ജേർണലിസം ആൻറ് ടെലിവിഷൻ പ്രൊഡക്ഷൻ കോഴ്സിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷിക്കുകയും യൂണിവേഴ്സിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കോഴ്സ് നടത്താനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇൻസ്പെക്ഷൻ |

| | | | |
|---|---|---|---|
| | പ്രസ്തുത കോഴ്സ് നടത്താനാവശ്യമായ ഭൗതിക സൗകര്യങ്ങൾ കോളേജിനുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | | കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്. |
| (ഡി) | യൂണിവേഴ്സിറ്റി അംഗീകാരമുള്ള ഏതെല്ലാം ബിരുദാനന്തര / ബിരുദകോഴ്സുകൾ ഈ സ്ഥാപനം നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ |

സെക്ഷൻ ഓഫീസർ